അടുത്ത റിബേറ്റ് കാലത്ത് ഇപ്പോഴത്തെ സ്റ്റോക്ക് വിറ്റഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുന്നത്തറ ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

248 [270] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിക്കുന്നതിന് വല്ല നടപടിയും ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) തൊഴിലാളികളും മാനേജ്മെന്റും ഒത്തുതീർപ്പിൽ എത്തുന്നതിനുവേണ്ടിയുള്ള അനുരഞ്ജന സംഭാഷണങ്ങൾ, കമ്പനി തലത്തിലും ലേബർ ഡിപ്പാർട്ടുമെന്റ് തലത്തിലും ഗവൺമെന്റ് തലത്തിലും നടത്തി. കൂടാതെ പ്രസ്തുത കമ്പനിയുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി തയ്യാറാക്കാൻ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം സ്പിന്നിംഗ് മിൽ

249 [272] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഒരു സ്ഥിരം എം. ഡി. യെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) 1986-87-ൽ പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനുവേണ്ടി തുക വക കൊള്ളിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ തുക വക കൊള്ളിച്ച് ടി സ്ഥാപനം വികസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി, സി, ഡി) 1986-87 വർഷത്തെ ബഡ്ജറ്റിൽ ടി സ്ഥാപനത്തിനുവേണ്ടി തുകയൊന്നും വകകൊള്ളിച്ചിട്ടില്ല.

ടി സ്ഥാപനത്തിന്റെ രണ്ടാം ഘട്ട നവീകരണത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതി ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കേരള ആട്ടോമൊബൈൽസ് സ്ഥാപനത്തിലെ ജീവനക്കാർ

250 [273] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽ എന്ന പൊതുമേഖലാ വ്യവസായ സ്ഥാപനത്തിൽ ഇപ്പോഴും പണിയെടുക്കുന്ന ആകെ ജീവനക്കാർ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവരിൽ തൊഴിലാളികൾ എത്ര;

(സി) സെക്യൂരിറ്റി വിഭാഗത്തിൽപ്പെട്ടവർ എത്ര;

(ഡി) ക്ലാസ്-4 വിഭാഗം എത്ര;

(ഇ) പാർട്ടൈം ജീവനക്കാർ എത്ര;

(എഫ്) ക്ലെറിക്കൽ സ്റ്റാഫ് എത്ര;

(ജി) മാനേജർ വിഭാഗത്തിൽ എത്ര;

(എച്ച്) ഇവയിൽ ഒന്നിലുംപെടാത്ത ജീവനക്കാർ ഉണ്ടെങ്കിൽ അവർ എത്ര;

(ഐ) ഇവരിൽ ഓരോ വിഭാഗം ജീവനക്കാർക്കും ഒരു മാസം വേണ്ടിവരുന്ന ശമ്പളവും മറ്റ് അലവൻസുകളും എത്ര എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 298
(ബി) 121
(സി) 19
(ഡി) 44
(ഇ) 23
(എഫ്) 32
(ജി) 6

(എച്ച്) 53. കൂടാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 4 പേർ ജോലി ചെയ്യുന്നുണ്ട്.

		രൂപ
(ഐ)	തൊഴിലാളികൾ	.. 31,000
	സെക്യൂരിറ്റി ജീവനക്കാർ	.. 11,500
	അൺസ്കിൽഡ് ജീവനക്കാർ (ക്ലാസ്-4 ജീവനക്കാർ)	.. 26,500
	പാർട്ടൈം ജീവനക്കാർ	.. 4,000
	ക്ലെറിക്കൽ സ്റ്റാഫ്	.. 25,500
	മാനേജർ വിഭാഗത്തിൽപ്പെട്ടവർ	.. 8,600
	മറ്റുവിഭാഗത്തിൽപ്പെട്ടവർ	.. 48,000
	ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ	.. 11,000

വ്യവസായ യൂണിറ്റുകൾക്ക് കൽക്കരി

231 [274] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾക്ക് ആവശ്യമായ വിറകിന്റെ ക്ഷാമം പരിഗണിച്ച് വ്യവസായ യൂണിറ്റുകൾക്ക് കൽക്കരി വിതരണം ചെയ്യാൻ വ്യവസായവകുപ്പിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇക്കാര്യത്തെപ്പറ്റിയുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly